**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1438      14/06/2013-ൽ മറുപടിയ്ക്ക്

**പച്ചക്കറി ഉല്പാദനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ<br>,, പി.കെ. ഗുരുദാസൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

എ) പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് ;

എ) I). പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാനായി 2012-13 വർഷത്തിൽ 42.5 കോടി രൂപയുടെ പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി ഘടകങ്ങൾ താഴെപ്പറയുന്നവയാണ്

1). **വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.**

(എ). സംസ്ഥാനത്തെ 2400 സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് 2500 രൂപ നിരക്കിലും 2290 സ്കൂളുകളിൽ കാർഷിക ക്ലബ് രൂപീകരിക്കുന്നതിന് 1000 രൂപ നിരക്കിലും സഹായം നൽകിയിട്ടുണ്ട്.

(ബി). മാധ്യമങ്ങൾ മുഖേന 15 രൂപ വിലയുള്ള 5 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ വീട്ടു വളപ്പിൽ കൃഷി ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്.

(സി). പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ /സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 174 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്.

**2).പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോൽസാഹനം**

• 15 രൂപ വീതം വിലയുള്ള 49.68 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾ മുഖേന പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിതരണം നടത്തിയിട്ടുണ്ട്.

**3). അർബൻ ക്ലസ്റ്റർ പ്രോത്സാഹനം**

കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിൽ 2000 രൂപ വിലയുള്ള 26500 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. ഇതുവരെ 16572 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വിതരണം ഉടൻ പൂർത്തീകരിക്കുന്നതാണ്.

**4). ജില്ലാ ക്ലസ്റ്റർ വികസനം**

2011-12 രൂപീകരിച്ച 347 നിലവിലുള്ള ക്ലസ്റ്ററുകൾ ഹെക്ടറിന് 15000 നിരക്കിലും പുതുതായി രൂപീകരിച്ച 712 ക്ലസ്റ്ററുകൾക്ക് 22500 രൂപ നിരക്കിലും പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിയിട്ടുണ്ട്.

കൂടാതെ 2355 പമ്പ് സെറ്റുകൾ വാങ്ങുന്നതിനും (പരമാവധി 10000 രൂപ ധനസഹായം) 1651 സസ്യ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിനും ( പരമാവധി 1500 രൂപ) ധനസഹായം നൽകി. ക്ലസ്റ്ററുകൾക്ക് ഹരിത ഫണ്ടായി 2000 രൂപ വീതം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 60 മുനിസിപ്പാലിറ്റികളെ ഉൾപ്പെടുത്തി 80000 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ നൽകുന്നു. ഇതുവരെ 73220 യൂണിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വിതരണം ഉടൻ പൂർത്തീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റിയുടെ സമീപ പഞ്ചായത്തുകളിലും ടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ കൂടാതെ ക്ലസ്റ്ററുകളിൽ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനായി ഒരു ഇന്നൊവേഷൻ ഫണ്ടും ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

**5). അഗ്രോ സർവ്വീസ് സെന്ററുകൾ**

152 ബ്ലോക്കുകളിലും 60 മുനിസിപ്പാലിറ്റികളിലും 2 നഗരസഭകളിലും കൃഷിക്കാർക്ക് സമയാസമയങ്ങളിൽ വേണ്ട ഉപദേശങ്ങളും പരിശീലനങ്ങളും മറ്റു സഹായങ്ങളും നൽകാനായി അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നു.

II. ആർ.കെ.വി.വൈ പദ്ധതി പ്രകാരം 972 ഹെക്ടർ സ്ഥലത്ത് കരാർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിനായി 241.4 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

III. വയനാട് പാക്കേജ് പദ്ധതി പ്രകാരം 200 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി 45 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്.

പച്ചക്കറി ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന വെജിറ്റബിൾ ഇനിഷ്യേറ്റീവ്സ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്
2. പച്ചക്കറികൃഷി പ്രോത്സാഹന പദ്ധതി
3. ഹൈടെക് ഫാമിംഗ് പദ്ധതി

വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ശീതകാല പച്ചകറികൃഷി വികസന പദ്ധതി

2012-13 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റേയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ വഴിയും RKVY,NAIP തുടങ്ങിയ പദ്ധതിക-ളുടെ ധനസഹായത്തോടുകൂടിയും നിരവധി പ്രവർത്ത നങ്ങൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്. 1200 ഹെക്ടർ സ്ഥലത്തേയ്ക്ക് വാഴകൃഷി വ്യാപിപ്പിച്ചു. സമതലങ്ങ ളിൽ ശീതകാല പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഹെക്ടറിൽ ശീതകാല പച്ചക്കറി വിളക ളായ കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബ്രൊക്കോളി തുടങ്ങിയവ വിജയകരമായി കൃഷി ചെയ്തിട്ടുണ്ട്.

ഒരു ഹൈടെക് നഴ്സറി എറണാകുളത്ത് കാക്ക നാടുള്ള കൗൺസിലിന്റെ ആസ്ഥാനത്ത് 'കൃഷി ബിസിനസ്സ് കേന്ദ്ര' എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു.

നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹി പ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി കൗൺസിൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

ബി) പ്രസ്തുത പദ്ധതികളുടെ അവലോ കനം നടത്തിയിട്ടുണ്ടോ; വിശദാംശ ങ്ങൾ നൽകാമോ ;

ബി) വകുപ്പ് വഴിയായുള്ള അവലോകനത്തിന് ഉപരിയായി പദ്ധതി അവലോകനം ചെയ്യുന്നതിന് പുറമേയുള്ള ഒരു ഏജൻസിയായ സി.എം.ഡി-യെ ( സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്.

അവലോകന റിപ്പോർട്ടിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

1). പച്ചക്കറി കൃഷിയെപ്പറ്റി ജനങ്ങളിൽ അവബോധം വളർത്താൻ ഈ പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. വീട്ടു വളപ്പിൽ അടുക്കളത്തോട്ടം

പരിപാലിക്കുന്നതിന്റെ പ്രാധാന്യം പുതിയ തലമുറയിൽപ്പെട്ട ആളുകളിൽ എത്തിക്കാൻ പദ്ധതി സഹായിച്ചു.

2). പദ്ധതി നിർവ്വഹണം നന്നായി നടക്കുകയുണ്ടായി. കൃഷി അഡീഷണൽ ഡയറക്ടർ ( മാർക്കറ്റിംഗ്) ന്റെ നിർദ്ദേശങ്ങളും ഇടപെടലും പദ്ധതി നന്നായി നടക്കാൻ സഹായിച്ചു.

3). കൃഷി ഭവനിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം, സ്റ്റാഫിന്റെ കുറവ്, യാത്രാ സൗകര്യത്തിന്റെ കുറവ് എന്നിവ പദ്ധതി നിർവ്വഹണത്തെ ചെറിയ തോതിൽ ബാധിച്ചിട്ടുണ്ട്.

4). സ്കൂളുകൾ, ക്ലസ്റ്ററുകൾ, വീട്ടുവളപ്പിലെ കൃഷി, ടെറസിലെ കൃഷി എന്നീ ഘടകങ്ങൾ കൂടുതൽ പരിശീലന പരിപാടികളും ബോധവൽക്കരണവും നൽകുന്നത് നന്നായിരിക്കും. കർഷകരുടെ സംശയങ്ങൾക്ക് ഫോൺ മുഖേന മറുപടി നൽകാൻ നടപടി സ്വികരിക്കുന്നത് പദ്ധതിയുടെ വിജയത്തിന് സഹായകമാവും.

5). ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കൃത്യമായും കർശനമായും നടത്തിയ അവലോകന യോഗങ്ങൾ പദ്ധതി നന്നായി നടപ്പിലാക്കുന്നതിന് പ്രചോദനമായി

6). മട്ടുപ്പാവ് കൃഷിക്ക് ഗ്രോബാഗ് വിതരണത്തിന് കൂടുതൽ ഏജൻസികളെ നിയോഗിക്കുന്നതിന് പകരം കുറച്ച് ഏജൻസികളെ നിയോഗിക്കുന്നത് പദ്ധതി നന്നായി നടക്കുന്നതിന് സഹായകരമാവും.

7). ജലസേചനത്തിനും വളപ്രയോഗത്തിനും മണ്ണ് പരിശോധനയ്ക്കും കുടുതൽ സൗകര്യങ്ങൾ ചെയ്യേണ്ടതാണ്. അതുപോലെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്താൻ വേണ്ട സൗകര്യങ്ങൾ ചെയ്യേണ്ടതാണ്.

8). മാധ്യമങ്ങൾ വഴിയുള്ള പച്ചക്കറി വിത്ത് വിതരണം ജനങ്ങൾക്കിടയിൽ പച്ചക്കറി വികസന പദ്ധതിയെപ്പറ്റി അവബോധം സൃഷ്ടിക്കാൻ സഹായകമായി. പ്രോജക്ട് അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന പദ്ധതിക്ക് കൂടുതൽ പ്രചാരണം നൽകേണ്ടതാണ്.

വെജിറ്റബിൾ ഇനിഷ്യേറ്റീവ്സ് ഇൻ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്

കൺസോർഷ്യം മുഖാന്തിരം മാസംതോറും അവലോകനം നടത്തി വരുന്നു.

സി) പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യമിട്ടിരുന്നത്രയും ഉല്പാദനം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അത് സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ ;

സി) പദ്ധതി നടത്തിപ്പിലൂടെ ഹെക്ടറിന് 12 ടൺ ഉൽപ്പാദനക്ഷമത പ്രകാരം ആകെ 172368 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 159050 ടൺ പച്ചക്കറി ഉൽപ്പാദിപ്പിച്ചു കഴിഞ്ഞു. ക്ലസ്റ്ററുകൾ, ടെറസ് കൃഷി എന്നിവയിൽ ഇപ്പോഴും വിളവെടുപ്പ് നടക്കുകയാണ്. കൂടാതെ ഈ വർഷത്തെ കഠിനമായ വരൾച്ച കാരണം ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്.

ഡി) പച്ചക്കറി വില കുതിച്ചുയരുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡി) കേരളത്തിലെ പച്ചക്കറി ഉപഭോഗം അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന പച്ചക്കറി ആശ്രയിച്ചിരിക്കുന്നു. അവിടെയുണ്ടാകുന്ന കാലാവസ്ഥാ മാറ്റം, കീട രോഗങ്ങൾ തുടങ്ങി എല്ലാ ഘടകങ്ങളും ഉൽപ്പാദനത്തെ ബാധിക്കുകയും ലഭ്യതക്കുറവുണ്ടാകുകയും ചെയ്യുന്നു. ആ സാഹചര്യത്തിൽ പച്ചക്കറിയുടെ വില വർദ്ധിക്കുന്നു.

**സെക്ഷൻ ഓഫീസർ**